# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.4137**      **12.11.2019 -ൽ മറുപടിയ്ക്ക്**

**<u>ലോട്ടറി വില്പനയിലെ വർദ്ധനവ്</u>**

<table>
<tr><th colspan="2"><u>ചോദ്യം</u><br>ശ്രീ.എം. രാജഗോപാലൻ</th><th colspan="2"><u>മറുപടി</u><br>ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി)</th></tr>
<tr><td>(എ)</td><td>ഈ സർക്കാർ അധികാരമേറ്റ ശേഷം ലോട്ടറി വില്പനയിൽ എത്ര കോടി രൂപയുടെ വർദ്ധനവുണ്ടായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;</td><td>(എ)</td><td>
<table>
<tr><th>സാമ്പത്തിക വർഷം</th><th>വരുമാനം (കോടിയിൽ)</th><th>വരുമാന-ത്തിലെ വർദ്ധനവ് (കോടിയിൽ)</th></tr>
<tr><td>2016-17</td><td>7,394.91</td><td>1,077.18</td></tr>
<tr><td>2017-18</td><td>9,034.25</td><td>1,639.35</td></tr>
<tr><td>2018-19</td><td>9,262.70</td><td>228.45</td></tr>
</table>
</td></tr>
<tr><td>(ബി)</td><td>കാസർഗോഡ് ജില്ലയിൽ വ്യാപകമായ തോതിൽ നടക്കുന്ന ലോട്ടറി ചൂതാട്ടം അവസാനിപ്പിക്കാൻ നടപടികൾ സ്വീകരിയ്ക്കുമോ; വ്യക്തമാക്കാമോ?</td><td>(ബി)</td><td>സ്വീകരിച്ചിട്ടുണ്ട്. കാസർഗോഡ് ജില്ലയിൽ പലപ്പോഴും ലോട്ടറി ചൂതാട്ടം നടക്കുന്നുവെന്ന വിഷയം മാധ്യമങ്ങൾ മുഖേന ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അനധികൃത ലോട്ടറി നടത്തിപ്പ് കൈകാര്യം ചെയ്യുന്നതിലേയ്ക്കായി ജില്ലാ ഭരണാധികാരി അധ്യക്ഷനായി മോണിറ്ററിങ് സെല്ലുകൾ പ്രവർത്തിക്കുന്നുണ്ട്. നിയമാനുസൃതമല്ലാത്ത ലോട്ടറി ചൂതാട്ടം, വ്യാജ ലോട്ടറി വിപണനം എന്നിവ നടത്തുന്നവർക്കെതിരെ കർശന നടപടികൾ കൈക്കൊള്ളണമെന്ന് പോലീസിന് നിർദ്ദേശം നല്കിയിട്ടുള്ളതാണ്.</td></tr>
</table>

| | | | |
|---|---|---|---|
| | | | കൂടാതെ വ്യാജ ലോട്ടറികളുടെ നടത്തിപ്പ് ശ്രദ്ധയിൽപ്പെടുന്ന പക്ഷം ആയതു പോലീസിനെ അറിയിക്കുന്നതിനും, നിയമ നടപടികൾ സ്വീകരിക്കുന്നതിനും ജില്ലാ ലോട്ടറി ഓഫീസർമാർക്ക് നിർദ്ദേശം നല്കിയിട്ടുണ്ട്. ഇത് സംബന്ധിച്ച് പൊതുജനങ്ങൾക്ക് പരാതികൾ അറിയിക്കുന്നതിനായി ഒരു TOLL FREE നമ്പർ നല്കിയിട്ടുള്ളതും ഇത്തരത്തിൽ റിപ്പോർട്ട് ചെയ്യുന്ന വിശദാംശങ്ങൾ ജില്ലാ ഭരണാധികാരികൾ, State Monitoring Cell എന്നിവർക്ക് അറിയിപ്പ് നൽകാനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

Puja

സെക്ഷൻ ഓഫീസർ